**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1978** **16-03-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | null<br>(മുഖ്യമന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് (കെ.പി.എസ്.സി.) പരിശോധനയ്ക്കായി ലഭിച്ചിട്ടുണ്ടോ; എങ്കിൽ കെ.പി.എസ്.സി. എടുത്തിട്ടുള്ള തീരുമാനങ്ങൾ വിശദമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് പരിശോധനയ്ക്കും ഉപദേശത്തിനുമായി നൽകിയിരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകിയിട്ടുള്ള ഉപദേശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കെ.പി.എസ്.സി. മുഖേന നിയമനം നടത്തിക്കൊണ്ടിരുന്ന ഗ്രാമവികസന വകുപ്പിലെ ലക്ച്ചറർ തസ്തികകൾ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടാത്തത് കെ.പി.എസ്.സി.യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കരട് സ്പെഷ്യൽ റൂൾ പരിശോധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ലഭ്യമാക്കിയിട്ടുള്ള ഉപദേശത്തിൽ ഗ്രാമ വികസന വകുപ്പിലെ ലക്ച്ചറർ തസ്തികകളെ സംബന്ധിച്ച പരാമർശിച്ചിട്ടില്ല. |
| (സി) | കെ.പി.എസ്.സി. വഴി നിയമനം നടത്തിക്കൊണ്ടിരുന്ന ഏതെല്ലാം തസ്തികകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട്; തസ്തിക തിരിച്ച് വിശദാംശം നൽകാമോ; കൈമാറാത്ത തസ്തികകൾ സംബന്ധിച്ച വിശദാംശം നൽകുമോ? | (സി) | കെ.പി.എസ്.സി. വഴി നിയമനം നടത്തിക്കൊണ്ടിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനങ്ങളെല്ലാം തന്നെ തുടർന്നും കെ.പി.എസ്.സി. മുഖാന്തിരം തന്നെയായിരിക്കും നടത്തുന്നത്. നിലവിൽ സ്വയംഭരണ സ്ഥാപനമായ കിലയുടെ ഭാഗമായ എല്ലാ ജീവനക്കാരെയും പൂർണമായും കിലയുടെ സ്റ്റാഫ് കേഡറിന്റെ ഭാഗമാക്കേണ്ടതാണെന്നും കിലയുടേതല്ലാത്ത മുഴുവൻ സ്ഥാപനങ്ങളിലെ പോസ്റ്റുകളും ജീവനക്കാർ വിരമിക്കുന്നതനുസരിച്ച് കിലയ്ക്ക് വിട്ടുകൊടുക്കേണ്ടതാണെന്നും സ.ഉ.(കൈ) നം.106/2020/ത.സ്വ.ഭ.വ, തീയതി, 17.07.2020 പ്രകാരം ഉത്തരവായിരുന്നു. ഏകീകൃത വകുപ്പിന്റെ കരട് വിശേഷാൽ ചട്ടം അന്തിമമായിട്ടില്ല. ആയത് അന്തിമമാക്കുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുകയുള്ളൂ . |

സെക്ഷൻ ഓഫീസർ

Through Special Messenger



website: www.keralapsc.gov.in
Phone: 0471 - 2447201

E-mail: kpsc.psc@kerala.gov.in

EPA

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ: A2-2/50064/2018/KPSC

തിരുവനന്തപുരം
തീയതി:30.12.2021.

പ്രേഷകൻ

സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം.

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശസ്വയം ഭരണ(ഇആർഎ) വകുപ്പ്
ഗവ സെക്രട്ടറിയേറ്റ്
തിരുവനന്തപുരം.

സർ,

വിഷയം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ - തദ്ദേശ സ്വയം ഭരണ പൊതു സർവ്വീസ് രൂപീകരണം - വിശേഷാൽ ചട്ടം - സംബന്ധിച്ച്

സൂചന:- താങ്കളുടെ 18.08.2021 തീയതിയിലെ തസ്വഭവ.ഇ.ആർ.എ 2/382/2018-part 16-തസ്വഭവ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരണത്തിന്റെ ഭാഗമായി ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടം പരിശോധിച്ച് താഴെ പറയുന്ന ഭേദഗതികളോടെ കമ്മീഷൻ യോജിക്കുന്ന വിവരം അറിയിച്ചുകൊള്ളുന്നു.

I. Local Self Government State Service Special Rules

1. കരട് ചട്ടത്തിൽ ശീർഷകം, ആമുഖം, ചട്ടം 1 എന്നിവയിൽ '2021' എന്നത് ചട്ടം പ്രാബല്യത്തിൽ വരുന്ന വർഷമായി ഭേദഗതി വരുത്തേണ്ടതാണ്.
2. കരട് ചട്ടം 3 ന്റെ ശീർഷകം 'Constitution and Classification' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

3. കരട് ചട്ടം 3 ഉപചട്ടം 1 ൽ Group II Public Health and Environment Management Wing LSGD (PHEM,LSGD) ക്ക് ചുവടെ Category 1 State Public Health and Environment Officer 'ഒന്നാമതായി ചേർക്കേണ്ടതാണ്.
4. കരട് ചട്ടം 3 ഉപചട്ടം 1 ൽ Group III Local Infra Structure Development and Engineering Wing LSGD (LIDE, LSGD) ക്ക് ചുവടെ Subgroup (c)Mechanical എന്ന ശീർഷകം ആവർത്തിച്ചിട്ടുള്ളത് ഒഴിവാക്കേണ്ടതാണ്.
5. കരട് ചട്ടം 4 ന് ചുവടെ Group II Public Health and Environment Management Wing (PHEM, LSGD) ക്ക് ചുവടെ അവസാനമായി ചേർത്തിട്ടുള്ള Health Supervisor എന്നതിന് നേരെ 'Clean City Manager' എന്നത് 'Clean City Manager (Corporation)' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.
6. കരട് ചട്ടം 5 ന് ചുവടെയുള്ള ക്രമ നമ്പറിൽ (vi) എന്നത് (v) ആയും, (vii) എന്നത് (vi) ആയും തിരുത്തേണ്ടതാണ്.
7. കരട് ചട്ടം 7 ൽ Group I കാറ്റഗറി 5(b) യിലെ നിയമനരീതി 'By appointment from Women officers in the category 5 (a) എന്ന് ഭേദഗതി വരുത്തേണ്ടതാണ്.
8. കരട് ചട്ടം 7 ൽ Group I General Wing ന് ചുവടെ

(i) കാറ്റഗറി 7(a) Senior Secretary, LSGI തസ്തികയ്ക്ക് നേരെ നിയമനരീതി ചേർക്കേണ്ടതാണ്.

(ii) 7(b) യ്ക്ക് നേരെ 3, 4 കോളങ്ങളിലെ രേഖപ്പെടുത്തലുകൾ ആയതിനു തന്നെ ബാധകമാകത്തക്ക തരത്തിൽ Alignment ക്രമപ്പെടുത്തേണ്ടതാണ്. (നിലവിൽ 7 (c) യ്ക്ക് നേരെ ഒന്നാമതായി ക്രമനമ്പർ 7 (b) യിലെ വിവരങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്.)

(iii) കാറ്റഗറി 7 ന് ചുവടെ Note 4 ൽ കാറ്റഗറി 7 (a) യിലെ വനിതകൾക്ക് മാത്രമാണ് District Empowerment Officer തസ്തികയിലേക്കുള്ള നിയമനത്തിന് അർഹതയെന്ന് ചേർത്തിട്ടുണ്ടെങ്കിലും ചട്ടം 3 Constitution നിലോ ചട്ടം 7 Method of Appointment ലോ District Empowerment Officer തസ്തിക ഉൾപ്പെട്ട് കാണുന്നില്ല. ഈ വിഷയം പരിശോധിക്കേണ്ടതാണ്. കൂടാതെ നോട്ട് 4 ന്റെ രണ്ടാമത്തെ വാചകത്തിൽ കാറ്റഗറി 7(a) യിൽ വനിതകളുടെ അഭാവത്തിൽ കാറ്റഗറി 7(b) യിലെ വനിതകൾക്ക് District Empowerment Officer തസ്തികയിലേക്ക് നിയമനത്തിന് അർഹരാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അത്തരം സാഹചര്യത്തിൽ കാറ്റഗറി 7(b) യിൽ നിന്നും കാറ്റഗറി 7(c) തസ്തികയിലേക്ക് നിയമിതരായവരെ District Empowerment Officer തസ്തികയിലേക്കുള്ള നിയമനത്തിന് പരിഗണിക്കുമോ എന്ന് സ്പഷ്ടീകരിക്കേണ്ടതാണ്. അപ്രകാരം പരിഗണിക്കപ്പെടുമെങ്കിൽ നോട്ട് 4 ലെ രണ്ടാമത്തെ വാചകം 'In the absence, women employees in category 7(b) and 7(c) are eligible for the post' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

(iv) കാറ്റഗറി 7(b) തസ്തികയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലായിരിക്കണം District Empowerment Officer തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കേണ്ടത്.

അപ്രകാരമെങ്കിൽ കാറ്റഗറി 7 ന് ചുവടെ നോട്ട് 5 ആയി താഴെ പറയുന്ന വാചകം ചേർക്കേണ്ടതാണ്.

'State Communication Officer included in Category 7(c) is eligible for promotion to a post in 7(a) based on their original seniority in category 7 (b)'.

(v) കാറ്റഗറി 7(c) തസ്തികയിലേക്ക് നിയമിതരാകുന്നവർക്ക് കാറ്റഗറി 7(a) തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുമോയെന്നത് സംബന്ധിച്ച് ചട്ടത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

9. കരട് ചട്ടം 7 Group I General Wing ന് ചുവടെ കാറ്റഗറി 9 Confidential Assistant (Selection Grade) തസ്തികയുടെ രണ്ടാമത്തെ യോഗ്യത താഴെ പറയും പ്രകാരം ഭേദഗതി വരുത്തേണ്ടതാണ്.

'Lower Grade Certificate in Typewriting English (KGTE) & Computer Word Processing or its equivalent'.

Note:- "Those who have passed Typewriting English before January 2002 should possess separate certificate in Computer Word Processing at the time of application".

10. കരട് ചട്ടം 7 Group II (Public Health and Environment Management Wing) ന് ചുവടെ

(i) കാറ്റഗറി 1,2,3,4,5,6,7 തസ്തികകളിൽ 'Registration in Travancore Cochin Medical Council' എന്നത് 'Permanent Registration in the Travancore Cochin Medical Council' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

(ii) കാറ്റഗറി 1 ൽ ഉൾപ്പെട്ട തസ്തികകളുടെ യോഗ്യതയിൽ Degree in Modern Medicine(M.B.B.S) എന്ന് ചേർത്തിട്ടുള്ളത് 'M.B.B.S or equivalent' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

(iii) കാറ്റഗറി 4 TB specialist തസ്തികയുടെ രണ്ടാമത്തെ യോഗ്യതയ്ക്കൊപ്പം 'or Equivalent' ചേർക്കേണ്ടതാണ്.

(iv) കാറ്റഗറി 5 Public Health Officer Grade III (Municipality/Corporation) /Medical Officer (Modern Medicine)/Superintendent, Child Welfare Centre/Lady Medical Officer തസ്തികയിൽ Child Specialist, Lady Medical Officer എന്നീ തസ്തികകൾക്ക് നിശ്ചിത യോഗ്യതയുള്ള വനിതകളെ നിയമിക്കേണ്ടതിനാൽ ചട്ടത്തിൽ പ്രസ്തുത തസ്തികകൾ വേർതിരിച്ച് ചേർക്കാവുന്നതാണോയെന്ന് പരിശോധിക്കേണ്ടതാണ്.

(v) കാറ്റഗറി 8 Veterinary Surgeon തസ്തികയുടെ രണ്ടാമത്തെ യോഗ്യതയായി 'Registration with the Kerala State Veterinary Council as envisaged in the Indian Veterinary Act, 1984 (Central Act of 52 of 1984)' എന്ന് ചേർക്കേണ്ടതാണ്.

11. കരട് ചട്ടം 7 Group III Local Infrastructure Development and Engineering Wing LSGD (LIDE, LSGD)

(i) Subgroup (a) Civil Wing കാറ്റഗറി 5 ൽ രണ്ടാമത്തെ നിയമനരീതിയുടെ യോഗ്യതയിൽ First Grade എന്നതിനും Overseer എന്നതിനുമിടയിലെ (ii) ഒഴിവാക്കേണ്ടതാണ്. ടി തസ്തികയുടെ മൂന്നാമത്തെ നിയമനരീതിയിൽ യോഗ്യത ii(c)

യുടെ അവസാന ഭാഗത്തെ 'and' ഒഴിവാക്കേണ്ടതാണ്.

(ii) Sub group (b) Electrical Wing കാറ്റഗറി 1 Assistant Engineer തസ്തികയുടെ രണ്ടാമത്തെ നിയമനരീതിക്ക് (ii) എന്ന ക്രമ നമ്പർ നല്കേണ്ടതാണ്.

(iii) Subgroup (c) Mechanical Wing കാറ്റഗറി 1 ലെ മൂന്നാമത്തെ നിയമനരീതിയുടെ യോഗ്യതയിൽ (ii) ന് ചുവടെയുള്ള യോഗ്യത (c) യുടെയും, Subgroup (d) കാറ്റഗറി 1 ലെ യോഗ്യത (iv) ന്റെയും കാറ്റഗറി 2 ന്റെ രണ്ടാമത്തെ നിയമനരീതിയുടെ യോഗ്യത (i) ന്റെയും അവസാനഭാഗത്തുള്ള 'and' ചട്ടത്തിന്റെ വ്യകതതക്കായി ഒഴിവാക്കേണ്ടതാണ്.

(iv) Subgroup (d) Electricity Wing of Thrissur Corporation കാറ്റഗറി 1 Electrical Engineer തസ്തികയുടെ യോഗ്യതയിലെ numbering ലെ അവ്യക്തത ഒഴിവാക്കാനായി ഒന്നാമത്തെ യോഗ്യതയ്ക്ക് (i) എന്ന ക്രമ നമ്പർ നിലനിർത്തി ആയതിന് പകരമായി പരിഗണിക്കുന്ന യോഗ്യതകളിലെ (ii), (iii),(iv) എന്നീ numberings ഒഴിവാക്കി, 'Minimum two years service as Assistant Engineer' എന്നതിന് (ii) എന്ന ക്രമ നമ്പർ നല്കേണ്ടതാണ്.

Subgroup (d) Electricity Wing of Thrissur Corporation കാറ്റഗറി 2 Assistant Engineer തസ്തികയുടെ നിയമനരീതി താഴെപറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്.

(i) By direct recruitment.

(ii) By transfer from Diploma holders in Sub Group (d) of Group III of Subordinate Service.

(iii) By transfer from Certificate holders in Sub Group (d) of Group III of Subordinate Service.

നേരിട്ടുള്ള നിയമനത്തിന് 1(c) ആയി ചേർത്തിട്ടുള്ള യോഗ്യത ചട്ടത്തിൽ ഉൾപ്പെടുത്തണമോയെന്ന് പരിശോധിക്കേണ്ടതാണ് ടി തസ്തികയുടെ നോട്ട് 1 ലെ രണ്ടാമത്തെ വാചകം 'Out of the posts set apart for direct recruitment, 10 percent shall be filled up by recruitment from among the qualified members who have completed probation in the Subordinate Service' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

12. കരട് ചട്ടം Group IV Planning Wing LSGD

(i) കാറ്റഗറി 4 Town Planner തസ്തികയുടെ യോഗ്യത (iv)(b) യിൽ രേഖപ്പെടുത്തിയിട്ടുള്ള 'Post Diploma' ഏത് വിഷയത്തിലാണെന്ന് സ്പഷ്ടീകരിക്കേണ്ടതാണ്.

(ii) കാറ്റഗറി 6 Assistant Town Planner തസ്തികയുടെ യോഗ്യത (ii)(b) യിലെ 'Annexure A' എന്നത് 'Annexure' എന്ന് തിരുത്തേണ്ടതാണ്.

ടി തസ്തികയുടെ നോട്ട് ലെ 'Departmental Candidates' എന്നത് 'inservice Candidates' എന്ന് മാറ്റേണ്ടതും നോട്ട് ലെ മൂന്നാമത്തെ വാചകം 'The number of posts of direct recruits however shall be exclusive of the posts filled by the above said 10%' എന്ന് ഭേദഗതി വരുത്തേണ്ടതുമാണ്. ടി നോട്ട് പ്രകാരം By transfer appointment ന്റെ 10% ഒഴിവുകൾ Departmental candidates ൽ നിന്നും നേരിട്ടുള്ള നിയമനത്തിനായി മാറ്റി വച്ചിട്ടുള്ളതിനാൽ ഈ ഒഴിവുകൾ പ്രത്യേകം റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

II Local Self Government Department Subordinate Service

1. കരട് ചട്ടത്തിൽ ശീർഷകം,ആമുഖം, ചട്ടം 1 എന്നിവയിൽ '2021' എന്നത് ചട്ടം പ്രാബല്യത്തിൽ വരുന്ന വർഷമായി ഭേദഗതി വരുത്തേണ്ടതാണ്.
2. (i) കരട് ചട്ടം 3 ന്റെ ശീർഷകം 'Constitution and Classification' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

   (ii) ചട്ടം 3 ൽ Group I General Wing ൽ (ചട്ടം 7 ലെ ക്രമത്തിന് സമാനമായി) Category 21 Binder Grade II, Category 23 Records Keeper എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

   (iii)ചട്ടം 3 ൽ Group I General Wing ൽ 'Category 22 Driver Grade II' എന്നത് 'Driver Cum Office Attendant (LMV) എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

   (iv) ചട്ടം 3 Group III Local Infrastructure Development and Engineering Wing , LSGD(LIDE, LSGD) യിലെ Subgroup (c) (Mechanical Wing) Category 6 Unskilled Worker സംബന്ധിച്ച് ചട്ടം 7 ലെ രേഖപ്പെടുത്തലുകളുടെ (experience യോഗ്യത ഉൾപ്പെടുന്നതിനാൽ) അടിസ്ഥാനത്തിൽ skilled worker എന്ന് ഭേദഗതി വരുത്താവുന്നതാണോ എന്ന് പരിശോധിക്കേണ്ടതാണ്.
3. ചട്ടം 4 Group I (General Wing) ലെ രണ്ടാമത്തെ നിരയിലെ രണ്ടാം കോളത്തിലെ 'Assistant Secrtetary 'എന്നത് 'Assistant Secretary 'എന്ന് തിരുത്തേണ്ടതാണ്.
4. ചട്ടം 4 Group III Local Infrastructure Development and Engineering Wing, LSGD(LIDE, LSGD) Subgroup (c) Mechanical Wing ലെ അവസാന നിരയിലെ രണ്ടാം കോളത്തിലെ 'Unskilled Worker 'എന്നത് സംബന്ധിച്ച് ചട്ടം 7 ലെ രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതാണ്.
5. ചട്ടം 4 ന് ചുവടെയുള്ള table ൽ രണ്ടാം കോളത്തിലെ തസ്തികകളുടെ പേര് constitution ൽ രേഖപ്പെടുത്തിയിരിക്കും പ്രകാരം സമാനമാക്കേണ്ടതാണ്. eg:- Head Clerk/Senior Extension Officer, Senior Clerk/Extension Officer Grade I.
6. ചട്ടം 4 Group V (Miscellaneous Wing) ലെ Assistant Project Officer (Municipal Common Service) ന് നേരെ 'Community Organiser / Social Worker / Social Mobiliser' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.
7. ചട്ടം 5 ൽ ഉപചട്ടം (V) ന് ചുവടെയുള്ള ക്രമനമ്പർ (iii) എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് (vi) എന്ന് തിരുത്തേണ്ടതാണ്.
8. (i) ചട്ടം 6 ൽ ക്രമ നമ്പർ 5 ന് നേരെ രണ്ടാം കോളത്തിലെ Head Clerk/Senior Extension Officer തസ്തികയുടെ നേരെ രണ്ടാം കോളത്തിലെ 'Cashier (Panchayath)' എന്നത് 'Cashier (Panchayat)' എന്ന് തിരുത്തേണ്ടതാണ്.

   (ii) ചട്ടം 6 ൽ ക്രമ നമ്പർ 12 Senior Clerk/Extension Officer Grade I ന്റെ രണ്ടാം കോളത്തിന്റെ അവസാന ഭാഗത്തെ 'Clerk/'എന്നത് ഒഴിവാക്കേണ്ടതാണ്.

(iii) ചട്ടം 6 ൽ ക്രമനമ്പർ 19 Clerk എന്നതിന് നേരെ രണ്ടാം കോളം (inter-transferable posts) 'Clerk/ Clerical Extension Officer Grade II (Corporation / Municipality / Panchayat) / Urban Service Assistant (Municipality / Corporation)/ Revenue Collection Assistant' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

9. (i) ചട്ടം 7 ന് ചുവടെ ആരംഭത്തിൽ 'Group I General Wing' എന്ന ശീർഷകം ചേർക്കേണ്ടതാണ്.

(ii) ചട്ടം 7 ൽ Group I കാറ്റഗറി 1(c) യ്ക്ക് ചുവടെയുള്ള നോട്ട് 1 ലെ 'Promotion' എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

(iii) ചട്ടം 7 ൽ Group I കാറ്റഗറി 1(c) യ്ക്ക് ചുവടെയുള്ള നോട്ട് 2 ൽ 'Assistant Secrtary' എന്നത് 'Assistant Secretary' എന്ന് തിരുത്തേണ്ടതാണ്.

10. ചട്ടം 7 ൽ കാറ്റഗറി 5(b) Communication Assistant തസ്തികയുടെ നിയമനരീതിയിൽ 'By Transfer Appointment from Qualified Officers' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

11. ചട്ടം 7 ൽ Group I കാറ്റഗറി 11 തസ്തികയുടെ പേര് 'Legal Assistant (LSGD)'എന്ന് ഭേദഗതി വരുത്തേണ്ടതാണ്. ടി തസ്തികയുടെ ഒന്നാമത്തെ നിയമനരീതി 'by transfer appointment of qualified persons' എന്ന് ഭേദഗതി വരുത്തേണ്ടതാണ്. ടി തസ്തികയുടെ രണ്ടാമത്തെ നിയമനരീതി 'in the absence of qualified persons under item (i) above may be filled up from qualified candidates of category 19' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

12. ചട്ടം 7 Group I കാറ്റഗറി 12 Senior Clerk/Extension Officer Grade I തസ്തികയുടെ നിയമനരീതി 'By promotion from Category 19' എന്ന് ഭേദഗതി ചെയ്യേണ്ടതാണ്.

13. ചട്ടം 7 Group I കാറ്റഗറി 13 തസ്തികയുടെ പേരിൽ 'divion' എന്നത് 'division' എന്ന് തിരുത്തേണ്ടതാണ്.

14. ചട്ടം 7 Group I കാറ്റഗറി 14 Librarian Grade IV and Cultural Assistant

(i) ഒന്നാമത്തെ നിയമനരീതി 'By transfer appointment from approved probationers in any category in the subordinate service' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

(ii) ടി തസ്തികയുടെ (i), (ii) യോഗ്യതകൾക്ക് മദ്ധ്യേ 'OR' ചേർക്കേണ്ടതാണ്.

(iii) ടി തസ്തികയുടെ note 1 ലും note 2 ലും 'appointment by promotion' എന്നത് 'appointment by transfer' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

(iv) Note 2 ലെ രണ്ടാമത്തെ വാചകം താഴെ പറയും പ്രകാരം ഭേദഗതി വരുത്തേണ്ടതാണ്.

'In the absence of Degree holders, at the time of occurrence of the vacancy, it shall also be filled up from among the Diploma holders and in the absence of Degree and Diploma holders at the time of occurrence of the vacancy, it shall be filled up from the Certificate holders, without further restoration benefits to the Degree and Diploma holders, as the case may be'.

(v) Note 3 ആയി ചുവടെ ചേർക്കുന്ന വാചകം ചേർക്കേണ്ടതാണ്.

'Separate Ranked List shall be prepared for the categories of Degree holders, Diploma

holders and Certificate holders'.

Note 2 നേരിട്ടുള്ള നിയമനത്തിന് ബാധകമാക്കാവുന്നതാണോയെന്ന് പരിശോധിച്ച് ചട്ടത്തിൽ ഭേദഗതി വരുത്തേണ്ടതാണ്.

15. ചട്ടം 7 Group I കാറ്റഗറി 16 Nursery School Teacher തസ്തികയുടെ യോഗ്യതയുടെ numbering ൽ (ii) എന്നത് (ii a) എന്ന് തിരുത്തേണ്ടതും, Part time Nursery School Teacher തസ്തിക Subordinate service- ൽ ഉൾപ്പെടുത്തേണ്ടതുമാണ്.

16. ചട്ടം 7 Group I കാറ്റഗറി 17 Confidential Assistant Grade II തസ്തികയുടെ നിയമനരീതി ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തേണ്ടതാണ്.

    i) By promotion from Category 20

    ii) By direct recruitment

    ടി തസ്തികയുടെ note ലെ 'per cent' എന്നത് 'percent' എന്ന് തിരുത്തേണ്ടതാണ്.

17. ചട്ടം 7 Group I കാറ്റഗറി 20 Lower Division Typist തസ്തികയുടെ നിയമനരീതി ചുവടെ ചേർക്കും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്.

    i) By Direct recruitment

    ii) By transfer from the low paid employees

    ടി തസ്തികയുടെ രണ്ടാമത്തെ നിയമനരീതിയും note 3ൽ പരാമർശിക്കുന്ന നിയമനരീതിയും ഒന്ന് തന്നെയാണോയെന്ന് വ്യക്തമാക്കേണ്ടതും അല്ലാത്തപക്ഷം 'by transfer recruitment' ആണോ 'by transfer appointment' ആണോ നിയമനരീതി എന്ന് വ്യക്തമാക്കേണ്ടതാണ്.

18. ചട്ടം 7 Group I കാറ്റഗറി 22 Driver Grade II

    (i) ഒന്നാമത്തെ നിയമനരീതി 'By transfer appointment from category 27 or 29' എന്ന് ഭേദഗതി ചെയ്യേണ്ടതാണ്.

    (ii) രണ്ടാമത്തെ നിയനരീതിയുടെ ക്രമനമ്പർ (ii) എന്ന് തിരുത്തേണ്ടതാണ്.

    (iii) ടി തസ്തികയുടെ പേര് Driver Cum Office Attendant (LMV) എന്ന് ഭേദഗതി വരുത്തേണ്ടതും യോഗ്യത 20.03.2017 തീയതിയിലെ GO(MS)14/2017/Planning നമ്പർ ഉത്തരവിനനുസൃതമായി ഭേദഗതി വരുത്തേണ്ടതുമാണ്. കൂടാതെ പ്രസ്തുത സർക്കാർ ഉത്തരവിലെ note (2) ടി തസ്തികയുടെ (i), (ii), (iii) നിയമനരീതികൾക്ക് ബാധകമാണോയെന്നതും പരിശോധിക്കേണ്ടതാണ്.

    (iv) രണ്ടാമത്തെ നിയമനരീതിയിൽ 'Promotion from category 35 of group V' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ Group V ൽ കാറ്റഗറി 35 എന്ന തസ്തികയില്ല. ഈ വിഷയം പരിശോധിച്ച് ചട്ടത്തിൽ തദനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

19. ചട്ടം 7 Group II കാറ്റഗറി 6 Public health Promoter / JPHN Grade II തസ്തികയുടെ രണ്ടാമത്തെ യോഗ്യതയിൽ 'A post certificate qualification in Public Health Nursing' എന്ന കോഴ്സിന്റെ കാലയളവും പ്രസ്തുത കോഴ്സ് നടത്തുന്ന യൂണിവേഴ്സിറ്റിയുടെയോ സ്ഥാപനത്തിന്റെയോ പേരും ചട്ടത്തിൽ ചേർക്കേണ്ടതാണ്.

20. ചട്ടം 7 Group II കാറ്റഗറി 8 Radiographer, കാറ്റഗറി 9 Lab Technician , കാറ്റഗറി 10

Pharmacist (Modern Medicine) എന്നീ തസ്തികകളുടെ ഒന്നാമത്തെ യോഗ്യത 'Plus Two Science or its equivalent' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

21. ചട്ടം 7 Group II കാറ്റഗറി 12 Pharmacist (Ayurveda) തസ്തികയുടെ (ii b) യോഗ്യതയിൽ 'Certificate issued by Chairman, Board of Examiners in Ayurveda and the Principal, Ayurveda College, Thiruvananthapuram' എന്നത് ഏത് വിഷയത്തിലുള്ള സർട്ടിഫിക്കറ്റ് ആണെന്ന് വ്യക്തത വരുത്തി ചട്ടത്തിൽ ചേർക്കേണ്ടതാണ്.

22. ചട്ടം 7 Group II കാറ്റഗറി 13 Nurse എന്ന തസ്തിക Staff Nurse തസ്തികയാണോയെന്ന് വ്യക്തത വരുത്തേണ്ടതാണ്. ടി തസ്തികയുടെ യോഗ്യത (ii c) യിൽ 'Midwifes' എന്നത് 'Midwives' എന്ന് തിരുത്തേണ്ടതാണ്.

23. ചട്ടം 7 Group II കാറ്റഗറി 14 Compounder തസ്തികയുടെ (ii), (iii) യോഗ്യതകൾക്ക് മദ്ധ്യേ ചേർത്തിട്ടുള്ള 'and' ഒഴിവാക്കേണ്ടതാണ്.

24. ചട്ടം 7 Group III കാറ്റഗറി 1 First Grade Draftsman/ First Grade Overseer തസ്തികയുടെ ഒന്നാമത്തെ നിയമനരീതിയുടെ യോഗ്യതയിൽ (i), (ii), രണ്ടാമത്തെ നിയനരീതിയുടെ യോഗ്യതയിൽ (ii) എന്നീ numberings ഒഴിവാക്കേണ്ടതും, രണ്ട് നിയനരീതിയുടെയും യോഗ്യതകൾ വ്യകതതക്കായി പ്രത്യേകം കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതുമാണ്.

25. Sub Group (a) Civil Wing ലെ കാറ്റഗറി 1, Sub Group (b) Electrical Wing ലെ കാറ്റഗറി 1, 2, Sub Group (c) Mechanical Wing ലെ കാറ്റഗറി 1 എന്നിവയിലെ note ൽ 'ration' എന്നത് 'ratio' എന്ന് തിരുത്തേണ്ടതാണ്.

26. ചട്ടം 7 Group III Sub Group (b) Electrical Wing

(i) First Grade Overseer എന്ന തസ്തിക Civil Wing ലും ഉൾപ്പെടുന്നതിനാൽ പേരിനൊപ്പം '(Electrical)' എന്ന് ചേർത്ത് ഭേദഗതി വരുത്താവുന്നതാണ്.

(ii) ടി തസ്തികയുടെ ഒന്നാമത്തെ നിയമനരീതിയുടെ രണ്ടാമത്തെ യോഗ്യതയിൽ 'Electrical Oversear,' എന്നത് 'Electrical Overseer' എന്ന് തിരുത്തേണ്ടതാണ്.

(iii) രണ്ടാമത്തെ നിയമനരീതിയുടെ യോഗ്യതയിൽ (I) എന്ന numbering ഒഴിവാക്കേണ്ടതാണ്.

27. ചട്ടം 7 Group III Sub Group (b) Electrical Wing

(i) മേൽ ഖണ്ഡിക 26 ലെ തസ്തികയുടെ പേര് മാറ്റത്തിനനുസൃതമായി കാറ്റഗറി 2 Second Grade Overseer തസ്തികയുടെ പേരിനൊപ്പം '(Electrical)' എന്ന് ചേർക്കേണ്ടതാണ്.

(ii) കാറ്റഗറി 2 തസ്തികയുടെ യോഗ്യതകൾ നേരിട്ടുള്ള നിയമനത്തിനു മാത്രം ബാധകമാകുന്നതാണെങ്കിൽ ആയത് വ്യക്തമാക്കേണ്ടതാണ്. മറിച്ച് ഇതര നിയമനരീതികൾക്കും ടി യോഗ്യത ബാധകമാകുമെങ്കിൽ ഒന്നാമത്തെ നിയമനരീതിയായ ഇലക്ട്രീഷ്യൻ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനത്തിന് feeder category ആയ Electrician തസ്തികയുടെ യോഗ്യത വ്യത്യസ്തമാണെന്നതും പരിശോധിക്കേണ്ടതാണ്.

28. ചട്ടം 7 Group III Sub Group (b) Electrical Wing കാറ്റഗറി 3 Electrician തസ്തികയുടെ

രണ്ടാമത്തെ യോഗ്യതയിൽ 'Oversear'- എന്നത് 'Overseer' എന്ന് തിരുത്തേണ്ടതാണ്.

29. ചട്ടം 7 Group III Sub Group (c) Mechanical Wing കാറ്റഗറി 1 Foreman തസ്തികയുടെ (i), (ii), (iii) യോഗ്യതകൾ നേരിട്ടുള്ള നിയമനത്തിന് നേരെ ചേർക്കേണ്ടതാണ്.

30. ചട്ടം 7 Group III Sub Group (c) കാറ്റഗറി 2 Mechanic Grade I തസ്തികയുടെ നിയമനരീതി ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തേണ്ടതാണ്.

(i) By promotion from Category 3

(ii) By direct recruitment

ടി തസ്തികയുടെ യോഗ്യത (i) (b) 'Craftsmanship Certificate in the trade of draftsman(Mechanical / Automobile) obtained after 18 months course( followed by 6 months practical training) at the Industrial Training Institute/ Centres, conducted by the Government of India, Ministry of Labour' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

ടി തസ്തികയ്ക്ക് ചുവടെയുള്ള note ലെ രണ്ടാമത്തെ വാചകം ഒഴിവാക്കേണ്ടതാണ്.

31. ചട്ടം 7 Group III Sub Group (c) യിൽ കാറ്റഗറി 3 Mechanic Grade II ൽ യോഗ്യത (ii) (b) യിലെ 'Diploma in craftsmanship' എന്നത് 'Craftsmanship Certificate' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

32. ചട്ടം 7 Group III Sub Group (c) യിൽ കാറ്റഗറി 4 Automobile Electrician തസ്തികയുടെ

(i) യോഗ്യത (ii) (b) യിലെ 'Diploma in craftsmanship' എന്നത് 'Craftsmanship Certificate' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

(ii) ടി തസ്തികയുടെ യോഗ്യത (iii) ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്താവുന്നതാണ്.

'Experience as Electrician in a automobile workshop for not less than 1 year in a Government or Government approved workshop'.

33. ചട്ടം 7 Group III Sub Group (c) Mechanical Wing - ൽ കാറ്റഗറി 5 Mechanic Assistant തസ്തികയുടെ യോഗ്യത (ii) താഴെ പറയും പ്രകാരം ഭേദഗതി വരുത്താവുന്നതാണ്.

'NTC in Mechanic Motor Vehicles/ sheet metal work/ painting/ blacksmithy/ welder and should possesses National Apprenticeship Trade Certificate in the concerned Trades and subsequent work experience for a period of not less than one year in a Government approved Automobile workshop'.

34. ചട്ടം 7 Group III കാറ്റഗറി 6 Unskilled Worker തസ്തികയ്ക്ക് experience യോഗ്യത നിഷ്കർഷിക്കുന്നതിനാൽ skilled worker എന്ന് ഭേദഗതി വരുത്തേണ്ടതാണോയെന്ന് പരിശോധിക്കേണ്ടതും അപ്രകാരമെങ്കിൽ ചട്ടം 3 Constitution നിലും ചട്ടം 4 ലെ Group III Sub Group (c) Mechanical Wing - ലും തസ്തികയുടെ പേര് Skilled Worker എന്ന് ചേർക്കേണ്ടതാണ്.

35. ചട്ടം 7 Group III Sub Group (d) - യിൽ കാറ്റഗറി 3 Sub-Engineer തസ്തികയുടെ നിയമനരീതി താഴെ പറയും പ്രകാരം ഭേദഗതി വരുത്തേണ്ടതാണ്.

i) By promotion from Category 6

ii) By transfer recruitment from, among qualified employees below the cadre of Sub-Engineer.

iii) By direct recruitment

ടി തസ്തികയുടെ നേരിട്ടുള്ള നിയമനത്തിന്റെ (b), (c) യോഗ്യതകൾക്ക് മദ്ധ്യേ 'OR' എന്ന് ചേർക്കേണ്ടതാണ്.

36. ചട്ടം 7 Group III Sub Group (d) കാറ്റഗറി 6 Overseer തസ്തികയുടെ യോഗ്യത കാറ്റഗറി 12, 13, 14 എന്നിവയ്ക്ക് സമാനമാണ്. ടി തസ്തികയുടെ note-ൽ കാറ്റഗറി 12 Lineman തസ്തികയിലെ qualified and unqualified വിഭാഗങ്ങൾ തമ്മിൽ 60:40 എന്ന അനുപാതം നിശ്ചയിച്ചിരിക്കുന്നു. അത്തരത്തിൽ ഒരു വേർതിരിവ് ഉള്ള പക്ഷം കാറ്റഗറി 6 Overseer തസ്തികയ്ക്ക് നിശ്ചിത യോഗ്യത തീരുമാനിച്ച് ചട്ടത്തിൽ ചേർക്കേണ്ടതാണ്. കൂടാതെ കാറ്റഗറി 10, 11 എന്നിവ കാറ്റഗറി 12 ൽ നിന്നും സ്ഥാനക്കയറ്റം ലഭിക്കുന്ന തസ്തികയാണ്. ആയതിനാൽ കാറ്റഗറി 10, 11 എന്നിവ കാറ്റഗറി 6 ന്റെ feeder category ആയി ഉൾപ്പെടുത്തുന്നത് പരിശോധിക്കേണ്ടതാണ്.

37. ചട്ടം 7 Group III Sub Group (d) കാറ്റഗറി 7 Junior Assistant / Cashier തസ്തികകൾ interchangeable post ആണോയെന്ന് പരിശോധിക്കേണ്ടതാണ്.

38. ചട്ടം 7 Group III Sub Group (d) കാറ്റഗറി 9 Driver Grade II തസ്തികയുടെ നിയമനരീതി ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്താവുന്നതാണ്.

(i) By direct recruitment

(ii) By transfer recruitment from qualified employees below the cadre of Driver grade II

ടി തസ്തികയുടെ പേരും യോഗ്യതയും 20.03.2017 തീയതിയിലെ GO(MS)14/2017/Planning നമ്പർ ഉത്തരവിനനുസൃതമായി ഭേദഗതി വരുത്തേണ്ടതും ടി തസ്തികയുടെ രണ്ടാമത്തെ നിയമനരീതിയുടെ യോഗ്യതയിൽ (iv) നിലനിർത്തേണ്ടതാണ്.

ടി തസ്തികയുടെ രണ്ട് നിയമനരീതികളും തമ്മിൽ ഒരു അനുപാതം നിശ്ചയിച്ച് note ആയി ചേർക്കേണ്ടതും അതോടൊപ്പം 'in the absence of qualified persons under second method of appointment such vacancies shall be filled up by direct recruitment' എന്ന വാചകം ചേർക്കേണ്ടതുമാണ്.

39. ചട്ടം 7 Group III Sub Group (d) കാറ്റഗറി 14 Electricity Worker തസ്തികയുടെ യോഗ്യത 'd' ആയി ' A Medical Certificate in prescribed format to prove the physical fitness' എന്ന് ചേർക്കേണ്ടതാണ്.

ടി തസ്തികയുടെ note - ലെ 'Physically handicapped' എന്നത് 'differently abled' എന്ന് തിരുത്തേണ്ടതാണ്.

40. ചട്ടം 7 Group III Sub Group (d) കാറ്റഗറി 15 Office Attendant തസ്തികയുടെ യോഗ്യത 'Should have passed Standard VII and should not have acquired graduation' എന്ന് ഭേദഗതി വരുത്താവുന്നതാണ്.

41. ചട്ടം 7 Group IV കാറ്റഗറി 1 Draftsman Grade I/ Town Planning Surveyor Grade I തസ്തികയുടെ യോഗ്യത (ii b) താഴെ പറയും പ്രകാരം ഭേദഗതി വരുത്താവുന്നതാണ്.

(iib) Pass in Building drawing and

estimating (Higher), Surveying and Levelling (Lower) and pass in any one of the following subjects under K.G.T.E. or M.G.T.E.

(a) Building materials and construction (Lower);

(b) Geometrical drawing (Lower)

42. ചട്ടം 7 Group IV കാറ്റഗറി 3 Tracer തസ്തികയുടെ ഒന്നാമത്തെ നിയമനരീതി 'By transfer appointment from category 4' എന്ന് ഭേദഗതി വരുത്താവുന്നതാണ്.

43. ചട്ടം 7 Group IV കാറ്റഗറി 4 Blue Printer തസ്തികയുടെ യോഗ്യതയിൽ പരാമർശിക്കുന്ന Ammonia printing technology സംബന്ധിച്ച് പ്രായോഗിക പരീക്ഷ നടത്തേണ്ടതിനാൽ ആയതിന്റെ പ്രായോഗികത പരിശോധിക്കേണ്ടതാണ്.

44. ചട്ടം 7 Group V കാറ്റഗറി 1 Driver Selection Grade (Heavy Duty Vehicle) തസ്തികയുടെ യോഗ്യത 'As same as for category 18' എന്ന് ഭേദഗതി ചെയ്യേണ്ടതാണ്.

45. ചട്ടം 7 Group V കാറ്റഗറി 2 Surveyor Grade I തസ്തികയുടെ ഒന്നാമത്തെ നിയമനരീതിക്ക് feeder category ആയ Surveyor Grade II തസ്തികയുടെ യോഗ്യതയും രണ്ടാമത്തെ നിയമനരീതിക്ക് കരടിലെ യോഗ്യതയും ചേർത്ത് ഭേദഗതി വരുത്തേണ്ടതാണ്.

46. ചട്ടം 7 Group V കാറ്റഗറി 4 Artist cum photographer cum cinema operator Gr I തസ്തികയുടെ നിയമനരീതി 'By promotion from category 14' എന്നും യോഗ്യത 'As same as category 14' എന്നും ഭേദഗതി വരുത്തേണ്ടതാണ്.

47. ചട്ടം 7 Group V കാറ്റഗറി 5 Sergeant തസ്തികയുടെ (i), (ii), (iii) യോഗ്യതയ്ക്കിടയിലെ 'or' ഒഴിവാക്കേണ്ടതാണ്. ടി തസ്തികയുടെ note ലെ 'Physically handicapped' എന്ന വാക്ക് 'differently abled' എന്ന് തിരുത്തേണ്ടതാണ്.

48. ചട്ടം 7 Group V കാറ്റഗറി 8 Driver (Senior Grade ) Heavy Duty Vehicle തസ്തികയുടെ നിയമനരീതി 'By promotion from category 12' എന്നും യോഗ്യത 'as same for category 18' എന്നും ഭേദഗതി വരുത്തേണ്ടതാണ്.

49. ചട്ടം 7 Group V കാറ്റഗറി 9 Plumbing Inspector തസ്തികയുടെ നിയമനരീതി 'By promotion from category 25' എന്നും യോഗ്യത 'as same for category 25' എന്നും ഭേദഗതി വരുത്തേണ്ടതാണ്.

50. ചട്ടം 7 Group V കാറ്റഗറി 10 Roller Driver Grade I തസ്തികയുടെ നിയമനരീതി 'By promotion from category 13' എന്നും യോഗ്യത 'as same for category 13' എന്നും ഭേദഗതി വരുത്തേണ്ടതാണ്.

51. ചട്ടം 7 Group V കാറ്റഗറി 11 Surveyor Grade II തസ്തികയുടെ യോഗ്യത (ii) (b) യിൽ 'Ex-servocemen' എന്നത് 'Ex-servicemen' എന്ന് തിരുത്തേണ്ടതാണ്.

52. ചട്ടം 7 Group V കാറ്റഗറി 12 Driver Grade I ( Heavy Duty Vehicle) തസ്തികയുടെ നിയമനരീതി 'By promotion from category 18' എന്നും യോഗ്യത 'as same for category 18' എന്നും ഭേദഗതി വരുത്തേണ്ടതാണ്.

53. ചട്ടം 7 Group V കാറ്റഗറി 13 Roller Driver Grade II തസ്തികയ്ക്ക് യോഗ്യത (iii) ആയി 'Valid

Driving Licence to drive HDV with endorsement to drive Road Roller' എന്ന് ചേർക്കേണ്ടതാണ്.

54. ചട്ടം 7 Group V കാറ്റഗറി 14 Artist cum photographer cum cinema operator Gr II തസ്തികയുടെ യോഗ്യത (iii) ലെ 'paining' എന്ന വാക്ക് 'painting' എന്ന് തിരുത്തേണ്ടതാണ്.
55. ചട്ടം 7 Group V കാറ്റഗറി 15 Meter Inspector തസ്തികയുടെ നിയമനരീതി 'By promotion from category 26' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.
56. ചട്ടം 7 Group V കാറ്റഗറി 17 Tractor Driver തസ്തികയുടെ നിയമനരീതി 'By promotion from category 35' എന്ന് ചേർത്തിരിക്കുന്നു. എന്നാൽ category 35 ആയി ഒരു തസ്തിക ചട്ടത്തിൽ ഉൾപ്പെട്ടിട്ടില്ല.
ടി തസ്തികയുടെ യോഗ്യത (iii) താഴെ പറയും പ്രകാരം ഭേദഗതി വരുത്തേണ്ടതാണ്.
'Experience for one year in the Trade. (Proficiency in the field work will be assessed in a practical test conducted by KPSC in the case of direct recruitment'). കൂടാതെ Motor Vehicle rules പ്രകാരം Tractor driving license നൽകുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.
57. ചട്ടം 7 Group V കാറ്റഗറി 18 Driver Grade II(HDV) തസ്തികയുടെ ഒന്നാമത്തെ നിയമനരീതി 'By promotion from category 35' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ category 35 ആയി ഒരു തസ്തിക ചട്ടത്തിൽ ഉൾപ്പെട്ട് കാണുന്നില്ല. ആയത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്. ടി തസ്തികയുടെ പേരും യോഗ്യതയും 20.03.17 തീയതിയിലെ GO(MS)14/2017/Planning നമ്പർ ഉത്തരവിനനുസൃതമായി ഭേദഗതി വരുത്തേണ്ടതാണ്.
58. ചട്ടം 7 Group V കാറ്റഗറി 20 Mechanic (Motor Vehicles) തസ്തികയുടെ യോഗ്യത താഴെപറയും പ്രകാരം ഭേദഗതി വരുത്തേണ്ടതാണ്.
i) S.S.L.C or its equivalent and
ii) NTC Mechanic Motor Vehicle or Fitter Trade Certificate or equivalent.
iii) 3 years experience in a registered Mechanical workshop.
യോഗ്യതയുടെ രണ്ടാം ഭാഗത്തിലെ വിമുക്തഭടന്മാരെ സംബന്ധിക്കുന്ന രേഖപ്പെടുത്തലുകൾ നിലനിർത്തേണ്ടതാണ്.
59. ചട്ടം 7 Group V കാറ്റഗറി 22 Blacksmith / Carpenter Cum Blacksmith തസ്തികയുടെ യോഗ്യത (iii b) 'Practical experience in both the trades together for a total period of 2 years in a central / state / Quasi Government / Public / registered private workshop' എന്ന് ഭേദഗതി വരുത്തേണ്ടതാണ്. യോഗ്യത (iii a) യിൽ 'one year' എന്നതിന് ശേഷമുള്ള '1' ഒഴിവാക്കേണ്ടതാണ്.
60. ചട്ടം 7 Group V കാറ്റഗറി 23 Pump Operator തസ്തികയുടെ യോഗ്യത (ii) ൽ trade പരാമർശിക്കേണ്ടതാണ്.
61. ചട്ടം 7 Group V കാറ്റഗറി 24 Furnace Operator തസ്തികയുടെ യോഗ്യത (ii) (c) യിൽ

അവസാന വാചകം 'Experience of not less than one year as electrician in an electrical undertaking in central / state government / Quasi Government / Public / registered private company' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

62. ചട്ടം 7 Group V കാറ്റഗറി 25 Plumber തസ്തികയുടെ പരിചയ യോഗ്യത താഴെ പറയും പ്രകാരം ഭേദഗതി വരുത്താവുന്നതാണ്.

    5 years practical experience in plumbing in a government/public sector undertaking/registered private sector undertaking.

63. ചട്ടം 7 Group V കാറ്റഗറി 27 Park Superintendent തസ്തികയുടെ നിയമനരീതി 'By promotion from category 32' എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

64. ചട്ടം 7 Group V കാറ്റഗറി 29 Mechanic തസ്തികയുടെ ഒന്നാമത്തെ നിയമനരീതി 'by transfer appointment from any category in the Subordinate Service' എന്ന് ഭേദഗതി വരുത്തേണ്ടതാണ്. (i), (ii) യോഗ്യതകൾക്കിടയിലെ 'OR' ഒഴിവാക്കി 'and' ചേർക്കേണ്ടതാണ്.

    ഒന്നാമത്തെ യോഗ്യതയിലെ IC Mechanics course സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

65. ചട്ടം 7 Group V കാറ്റഗറി 32 Gardener തസ്തികയ്ക്ക് സർക്കാർ സർവീസിലെ പൊതുവായിട്ടുള്ള യോഗ്യത ബാധകമാക്കേണ്ടതാണ്.

66. ചട്ടം 7 Group V കാറ്റഗറി 33 Lorry Cleaner തസ്തികയുടെ പേര് 'Cleaner(lorry)/workshop cleaner' എന്ന് ഭേദഗതി വരുത്തേണ്ടതും രണ്ടാമത്തെ യോഗ്യത "Good physique is to be proved by a medical fitness certificate in prescribed format' എന്ന് ഭേദഗതി വരുത്തേണ്ടതുമാണ്.

67. ചട്ടത്തിൽ NTC യോഗ്യത ചേർത്തിട്ടുള്ള ഭാഗങ്ങളിൽ NTC/NCVT എന്നും ITI യോഗ്യത നിർദ്ദേശിക്കുന്ന വാചകങ്ങളിലെ "......... Government of India, Ministry of Labour' എന്നതിനൊപ്പം "......./Ministry of Skilled Development' എന്നും ചട്ടത്തിൽ ചേർക്കേണ്ടതാണ്.

68. ചട്ടം 10 ൽ note (ii) ൽ 'Physically handicapped' എന്നത് 'differently abled' എന്ന് തിരുത്തേണ്ടതാണ്.

    Note (i) ൽ Driver തസ്തികയ്ക്ക് ഉയർന്ന പ്രായപരിധി 38 വയസ്സ് എന്നത് പുനഃപരിശോധിക്കേണ്ടതാണ്. വിമുക്തഭടന്മാർക്കും ഭിന്നശേഷിക്കാർക്കുമുള്ള വയസിളവ് സംബന്ധിച്ച വ്യവസ്ഥ ചട്ടം 10 ൽ പ്രത്യേകമായി ചേർക്കേണ്ടതാണ്.

69. Last Grade Service, Contingent Service എന്നിവ വേർതിരിച്ച് ചട്ടത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

70. Kerala Civil Services (Classification, Control & Appeal) Rules 1960 യുടെ Schedule I, II എന്നിവ LSGD ഏകീകരണത്തിനനുസൃതമായി ഭേദഗതി ചെയ്യേണ്ടതാണ്.

71. സ്പെഷ്യൽ റൂളിൽ ഓരോ യോഗ്യതയോടൊപ്പവും പ്രത്യേകമായി recognized University / National Institutes established by the Central Government or Institutions established by

the Government of Kerala' എന്ന വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്.

72. KPSC Additional functions as respects the services under Local Authorities Act, 1973 പ്രകാരമാണ് Local Authority കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളത്. ടി Act ലെ Section 2(b)- യിൽ Local Authority- യിൽ Municipal Council, Township Committee, Panchayath ... etc are local authorities for the purpose of the Act എന്ന് പറയുന്നുണ്ട്. പുതിയ LSGD Act പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ ഈ ഭാഗങ്ങളിൽ (Act & Rules) പരിഷ്കരണം വേണ്ടതാണോ എന്ന് പരിശോധിക്കേണ്ടതാണ്.
73. സർക്കാർ വകുപ്പുകളിൽ DA വിഭാഗത്തിനെ Identify ചെയ്തുകൊണ്ടുള്ള ഉത്തരവ് ടി പുതിയ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിക്കേണ്ടതാണ്.
74. Rule-ൽ പറയുന്ന 'by appointment' എന്ന പ്രയോഗത്തിന് കൂടുതൽ വ്യക്തത വേണ്ടതാണ്.

മേൽപ്പറഞ്ഞ ഭേദഗതികളോടെ അന്തിമ ഉത്തരവ് പുറപ്പെടുവിച്ച് പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Umadevi

ഉമാദേവി.എൻ.എൻ
ജോയിന്റ് സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ